പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 550* 25.10.2011 ൽ മറുപടിക്ക്

## മരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. കെ. രാജു<br>ശ്രീ. ജി.എസ്. ജയലാൽ<br>ശ്രീമതി. ഇ.എസ്. ബിജിമോൾ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പു മന്ത്രി) |
| (എ)മരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോ; എന്നുമുതൽ ; | (എ) 03.01.2011-ലെ സർക്കാർ കത്ത് നമ്പർ 34/സി3/11/പൊ.മ.വ. പ്രകാരം സോഷ്യൽ ഓഡിറ്റിംഗ് പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ നടപ്പിലാക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (ബി) സോഷ്യൽ ഓഡിറ്റിംഗിന്റെ പ്രത്യേകതകൾ എന്തെല്ലാം ; | (ബി) ഓരോ അസിസ്റ്റന്റ് എഞ്ചിനീയർമാരും ടിയാളുടെ സെക്ഷൻ ഓഫീസിന്റെ പരിധിയിൽ വരുന്ന റോഡുകളുടെ വിവരങ്ങളും നടന്നു വരുന്ന നിർമ്മാണ പ്രവർത്തനം, അറ്റകുറ്റ പണികൾ എന്നിവയുടെ വിവരങ്ങളും രേഖപ്പെടുത്തി ബന്ധപ്പെട്ട കരാറുകാരും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്/ ചെയർപേഴ്സൺ, സ്ഥലം എം.എൽ.എ. എന്നിവരുടെ ഒപ്പോടുകൂടി ചീഫ് എഞ്ചിനീയർക്കും, പകർപ്പ്, മന്ത്രിക്കും സമർപ്പിക്കേണ്ടതാണ്. ഉദ്യോഗസ്ഥ തലത്തിലും ജനപ്രതിനിധികളുടെ തലത്തിലും അവലോകനം ഉണ്ടാകുന്നതാണ്. സോഷ്യൽ ഓഡിറ്റിംഗിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് നടപ്പാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ആദ്യഘട്ടത്തിൽ ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരുടെ പരിശോധനയ്ക്ക് വിധേയമാക്കുന്നതും ആ പരിശോധനയുടെ ഭാഗമായിട്ടുള്ള വിവരങ്ങൾ ചീഫ് |

എഞ്ചിനീയർമാർ വഴി വകുപ്പ് മന്ത്രിയ്ക്ക് നൽകുമ്പോൾ വീണ്ടും ജനപ്രതിനിധികളുടെ തലത്തിലും ഉദ്യോഗസ്ഥരുടെ തലത്തിലും പുനഃപരിശോധനയ്ക്ക് വിധേയമാക്കുന്നതുമാണ്. ഇതായിരുന്നു സർക്കാർ നിർദ്ദേശിച്ച നടപടിക്രമം. എന്നാൽ ഇതനുസരിച്ച് വകുപ്പുതലത്തിൽ തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(സി)ഈ പദ്ധതി ഏർപ്പെടുത്തിയതിനുശേഷം കൃത്യമായി നടപ്പാക്കുന്നുണ്ടോ ; ഇല്ലെങ്കിൽ നടക്കാതിരിക്കാനുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) വകുപ്പിലെ അഴിമതി തടയുന്നതിന് സോഷ്യൽ ഓഡിറ്റിംഗ് എത്രത്തോളം സഹായിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

(സി) & (ഡി)

03-01-2011-ലെ സർക്കാർ നിർദ്ദേശത്തെത്തുടർന്ന് വകുപ്പുതലത്തിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ് കാര്യക്ഷമമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് പ്രായോഗികമായ ഒരു നടപടിക്രമം നിശ്ചയിക്കുന്ന കാര്യത്തിൽ ഈ സർക്കാർ നയപരമായ ഒരു തീരുമാനം കൈക്കൊള്ളുന്നതാണ്.

സെക്ഷൻ ഓഫീസർ